# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:23.05.2025**

1) പൊതുവിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സമൂലമായ മാറ്റം കൊണ്ടുവരാൻ സർക്കാരിന് സാധിച്ചതായി

മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിൻറെ നാല് വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി പുറത്തിറക്കി.

2)¬ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം നാളെ യാത്ര തിരിക്കും

3)സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് വടക്കൻ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കണ്ണൂരും, കാസറഗോഡും നാളെ ചുവപ്പ് ജാഗ്രത.

4)നിർമാണത്തിലുള്ള ദേശീയ പാതകൾ തകർന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ NHAI യ്ക്ക് നിർദേശം നൽകി ഹൈക്കോടതി

5)¬നിലമ്പൂർ ബൈപ്പാസിന് 227 കോടിയുടെ ഭരണാനുമതി നൽകി സംസ്ഥാന സർക്കാർ.

6)ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

മുഖ്യമന്ത്രി (ഇൻട്രോ

പൊതുവിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സമൂലമായ മാറ്റം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സമാപനത്തിന്റെ ഉദ്ഘാടനവും നാല് വർഷത്തെ പ്രവർത്തനങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കോവിഡ് സമയത്ത് കേരളം ഒരുക്കിയ സംവിധാനങ്ങളെ ലോകം ആശ്ചര്യത്തോടെയാണ് നോക്കി കണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ദേശീയ പാതയിൽ വിള്ളലുണ്ടായ സംഭവത്തിൽ ഗൗരവമായ പരിശോധന നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പല്ല തകർച്ച പരിഹരിക്കേണ്ടതെന്നും,

പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിനെ പഴിചാരാനാണ് പ്രതിപക്ഷ പാർട്ടികൾ ശ്രമിക്കുന്നതെന്നും അദ്ദേഹം വിമർശനം ഉന്നയിച്ചു. കഴിഞ്ഞ മാസം 21ന് കാസർഗോഡ് നിന്ന് തുടക്കം കുറിച്ച വാർഷികാഘോഷങ്ങൾക്കാണ് ഇന്ന് തിരുവനന്തപുരത്ത് സമാപനം കുറിച്ചത്.

സമ്മേളനത്തിന് മുന്നോടിയായി മുഖ്യമന്ത്രി പങ്കെടുത്ത ബഹുജന റാലിയിൽ ആയിരക്കണക്കിന് പേർ അണിനിരന്നു.

&&&&&&&&&&&&&&&&&&

പ്രതിനിധി സംഘം

RNUTVPM

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം നാളെ യാത്ര തിരിക്കും. യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളാണ് സംഘം സന്ദർശിക്കുക. സൗദി, കുവൈറ്റ്, ബഹ്റൈൻ, അൾജീരിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനായി ബൈജയന്ത് പാണ്ഡ എംപിയുടെ നേതൃത്വത്തിലുള്ള സംഘവും നാളെ പുറപ്പെടും. സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള സംഘം ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളുടെ എംബാസിഡർമാരുമായി ജപ്പാനിൽ കൂടിക്കാഴ്ച നടത്തി. കനിമൊഴി എംപിയുടെ നേതൃത്വത്തിലുള്ള സംഘം റഷ്യയിൽ പര്യടനം തുടരുകയാണ്. സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, എന്നീ രാജ്യങ്ങളിലും സംഘം സന്ദർശിക്കും. . ഭീകരതയോടുള്ള ഇന്ത്യയുടെ വീട്ടുവീഴ്ചയില്ലാത്ത നിലപാടും, ഭീകരതയ്ക്ക് പിന്തുണയേകുന്ന പാകിസ്ഥാൻ സമീപനവും ലോകരാജ്യങ്ങൾക്ക് മുന്നിൽ തുറന്നുകാട്ടുന്നതിനായി എംപിമാരുടെ ഏഴ് സർവകക്ഷി സംഘങ്ങളെയാണ് ഇന്ത്യ, 32 രാജ്യങ്ങളിലേക്ക് അയയ്ക്കുന്നത്.

&&&&&&&&&&&&&&&&&&

**ഹൈക്കോടതി-ദേശീയപാത**

സംസ്ഥാനത്ത് നിർമാണത്തിലുള്ള ദേശീയ പാത വിവിധ സ്ഥലങ്ങളിൽ തകർന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയ പാതാ അതോറിറ്റിക്ക് നിർദ്ദേശം നൽകി ഹൈക്കോടതി . ഇതിന് പത്ത് ദിവസം സാവകാശം വേണമെന്ന് എൻ എച്ച് എ ഐ ആവശ്യപ്പെട്ടെങ്കിലും,

RNI TVPM

ഇക്കാര്യം വ്യാഴാഴ്ച വീണ്ടും പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. കൊച്ചിയിലെ റോഡുകൾ തകർന്ന സംഭവത്തിൽ കോടതി സംസ്ഥാന സർക്കാരിനെ നിശിതമായി വിമർശിച്ചു. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ ചൂണ്ടിക്കാട്ടിയ ഹൈക്കോടതി റോഡ് നിർമ്മിക്കുന്നതിന് ആവശ്യത്തിന് ഫണ്ട് ഇല്ല എന്നത് ലജ്ജാകരമാണെന്നും നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത ഏഴ് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ള തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. അതീതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. അടുത്ത 2 ദിവസത്തിനുള്ളിൽ സംസ്ഥാനത്ത് കാലവർഷം എത്തിച്ചേരും. മോശം കാലാവസ്ഥയ്ക്ക് സാധ്യതയുള്ളതിനാൽ കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്നാണ് നിർദേശം. കണ്ണൂർ , കോഴിക്കോട്,

RNU TVPM

കാസർഗോഡ് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ കാസർഗോഡ് ഉൾപ്പെടെ വടക്കൻ ജില്ലകളിൽ വരും ദിവസങ്ങളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടങ്ങൾ മുൻകരുതൽ നടപടികൾ ശക്തമാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ...**

**(വോയിസ്)**

PNU TVPM

&&&&&&&&&&&&&&&&&&

**കോവിഡ് – വീണാ ജോർജ്**

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ സംസ്ഥാനത്ത് നിരീക്ഷണം ശക്തമാക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കോവിഡ് കേസുകൾ വർധിക്കുന്നുണ്ടോയെന്ന് കണ്ടെത്തി അതനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ജില്ലകൾ കൃത്യമായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും ജില്ലാ സർവൈലൻസ് ഓഫീസർമാരുടേയും യോഗത്തിലാണ് നിർദേശം. 273 കോവിഡ് കേസുകളാണ് മേയ് മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## നിലമ്പൂർ ബൈപ്പാസ്

നിലമ്പൂർ ബൈപ്പാസിന് 227.18 കോടിയുടെ ഭരണാനുമതി നൽകി സംസ്ഥാന സർക്കാർ. 30 മീറ്റർ വീതിയിൽ നാലു വരിപ്പാതയായാണ് ബൈപ്പാസ് നിർമിക്കുന്നത്. സ്ഥലം പൂർണമായും ഏറ്റെടുത്ത് ഉടൻ ടെൻഡർ നടപടിയിലേക്ക് കടക്കുമെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## ദേശീയ പാതയിൽ വിള്ളൽ -കോഴിക്കോട്

കോഴിക്കോട് കൊയിലാണ്ടി ദേശീയ പാതയിൽ തിരുവങ്ങൂരിലും ചെറിയ തോതിൽ വിള്ളൽ ഉണ്ടായതായി റിപ്പോർട്ടുകൾ. ഇന്നലെ ചെറു കുളം അമ്പലപ്പടിയിൽ അടിപ്പാതയിൽ വെള്ളം ഒലിച്ചിറങ്ങുന്നത്, നാടുകാർ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അധികൃതർ ഇന്ന് പരിശോധന നടത്തിയെങ്കിലും വലിയരീതിയിലുള്ള പ്രശ്നങ്ങൾ കണ്ടെത്താനായില്ല.

RMU TVPM

&&&&&&&&&&&&&&&&&&

## ദേശീയ പാത-വി ഡി സതീശൻ

ദേശീയ പാത നിർമ്മാണത്തിൽ ദേശീയ പാത അതോറിട്ടിയും സംസ്ഥാന സർക്കാരും തമ്മിൽ ഒരു ഏകോപനവും ഉണ്ടായിരുന്നില്ലെന്നതിന്റെ തെളിവാണ് കൂരിയാട് ഭാഗത്തെ ദേശീയപാതയുടെ തകർച്ചയെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. അൻപതോളം സ്ഥലങ്ങളിൽ വിള്ളൽ

കാണപ്പെട്ടിട്ടുണ്ടെന്നും പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## നാലു വയസ്സുകാരി കേസ്

ആലുവയിൽ നാല് വയസുകാരിയെ പുഴയിൽ എറിഞ്ഞ് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയായ കുട്ടിയുടെ അമ്മയെ സംഭവസ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. കുട്ടിയെ ലൈംഗിക പീഡിപ്പിച്ചതിന് അടുത്ത ബന്ധുവിനെ പോലീസ് ഇന്നലെ അറസ്റ്റ് ചെയ്തിരുന്നു. ഇയാളെ കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്യാനുള്ള ശ്രമവും പോലീസ് ആരംഭിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## കോഴിക്കോട് രൂപത-വർഗീസ് ചക്കാലക്കൽ

കോഴിക്കോട് രൂപതയെ അതിരൂപതയായും, രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കലിനെ ആർച്ച് ബിഷപ്പായും ഉയർത്തുന്ന ചടങ്ങുകൾ കോഴിക്കോട് സെൻ്റ് ജോസഫ് പള്ളിയിൽ മറ്റന്നാൾ നടക്കും. ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷ്യാ ആർച്ച് ബിഷപ്പ് ലിയോപോൾഡോ ജിറല്ലി സ്ഥാനാരോഹണ ചടങ്ങുകൾക്ക് നേതൃത്വം നൽകും. കെസിബിസി പ്രസിഡൻ്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് വചന പ്രഘോഷണം നടത്തും. കേരള ലത്തീൻ കത്തോലിക്ക സഭയുടെ മൂന്നാമത്തെ അതിരൂപതയാണ് കോഴിക്കോട് അതിരൂപത.

&&&&&&&&&&&&&&&&&&

**പാർട്ടൈം കറസ്പോണ്ടൻറ്**

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്റോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത് അപേക്ഷ ക്ഷണിക്കുന്നു. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾക്ക് https://prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. മേയ് 30 ആണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി .

&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും . രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം .

&&&&&&&&&&&&&&&&&&

**രാധാകൃഷ്ണൻ ചക്യാട്ട്**

പ്രശസ്ത ഫോട്ടോഗ്രാഫറും നടനും പരസ്യചിത്ര സംവിധായകനുമായ രാധാകൃഷ്ണൻ ചക്യാട്ട് അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ പുണെയിലായിരുന്നു അന്ത്യം. നാല് പതിറ്റാണ്ടിലേറെ കാലമായി ഫോട്ടോഗ്രഫി രംഗത്ത് സജീവമായിരുന്നു.

&&&&&&&&&&&&&&&&&&

**എ.നജിമുദീൻ- കബറടക്കം**

RNU TVPM

ദേശീയ ഫുട്ബോൾ താരവും കേരള ടീം മുൻ ക്യാപ്റ്റനുമായ എ.നജിമുദ്ദീൻറെ കബറടക്കം കൊല്ലം ജോനകപ്പുറം വലിയപള്ളി കബറിസ്ഥാനിൽ നടന്നു. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ഇന്നലെയാണ് അദ്ദേഹം അന്തരിച്ചത്. ഫുട്ബോൾ താരങ്ങൾ അടക്കം നിരവധി പേർ അന്തിമോപചാരം അർപ്പിക്കാനെത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM